# കില
## വാർത്താപത്രിക

VOLUME-8
ISSUE-7
JULY 2015

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




വികേന്ദ്രീകൃതാസൂത്രണത്തിന്റെ കേരള മാതൃക മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള കർമ്മപരിപാടിക്കു രൂപംനൽകാൻ കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയം കിലയിൽ സംഘടിപ്പിച്ച അഞ്ചുദിവസത്തെ റൈറ്റ്ഷോപ്പ് ശിൽപ്പശാലയിൽ കേന്ദ്ര പഞ്ചായത്ത് രാജ് വകുപ്പു സെക്രട്ടറി **എസ്.എം, വിജയാനന്ദ്** സംസാരിക്കുന്നു

# കേരളവികസനമാതൃക രണ്ടരലക്ഷം പഞ്ചായത്തുകളിലേക്ക്

**വി**കേന്ദ്രീകൃതാസൂത്രണത്തിന്റെ കേരള മാതൃക രാജ്യത്തെ രണ്ടര ലക്ഷം പഞ്ചായത്തുകളിലേക്കു കൂടി വ്യാപിപ്പക്കുന്നു. ഇതിന്റെ ഭാഗമായി മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള കർമ്മപരിപാടിക്കു രൂപം നൽകാൻ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം അഞ്ചുദിവസത്തെ റൈറ്റ്ഷോപ്പ് ശിൽപ്പശാല കിലയിൽ സംഘടിപ്പിച്ചു. കേന്ദ്ര പഞ്ചായത്ത് രാജ് വകുപ്പു സെക്രട്ടറി എസ്.എം.വിജയാനന്ദിന്റെ ആമുഖപ്രസംഗത്തോടെയാണ് ശിൽപ്പശാല ആരംഭിച്ചത്. പഞ്ചായത്ത് രാജ് വകുപ്പു അഡീഷ്ണൽ സെക്രട്ടറി രശ്മി ശുക്ല ശർമ്മ, ജോ.സെക്രട്ടറി ശാരദ ജി.മുരളീധരൻ, കില ഡയറക്ടർ ഡോ.പി.പി. ബാലൻ, ശിൽപ്പശാലയുടെ നോഡൽ ഓഫീസർ ഡോ.ജെ.ബി.രാജൻ എന്നിവർ സംസാരിച്ചു. 27 സംസ്ഥാനങ്ങളിലെ പഞ്ചായത്തരാജ് വകുപ്പു സെക്രട്ടറിമാർ, ഗ്രാമവികസന ഡയറക്ടർമാർ, റിസോഴ്സ് പേഴ്സൺമാർ തുടങ്ങി 200 ൽപരം പ്രതിനിധികളാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. അവണൂർ, എടവിലങ്ങ്, ഏങ്ങണ്ടിയൂർ, കാട്ടൂർ, കൊടകര, നാട്ടിക, മുണ്ടത്തിക്കോട്, പാണഞ്ചേരി, അടാട്ട്, തളിക്കുളം, വേളൂക്കര, പഴയന്നൂർ, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തുകൾ പ്രതിനിധികൾ സന്ദർശിക്കുകയും അവിടത്തെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. രണ്ടു ദിവസത്തെ ഗ്രൂപ്പുചർച്ചകൾക്കും പൊതു ചർച്ചയ്ക്കും ശേഷം വികസന മാർഗ്ഗരേഖയുടെ കരടിനും കാര്യശേഷി വികസനത്തിനായുള്ള രൂപരേഖയ്ക്കും അന്തിമ രൂപം നൽകി.

പതിന്നാലാം ധനകാര്യകമ്മീഷൻ ശുപാർശയനുസരിച്ച് സംസ്ഥാനങ്ങൾക്കുള്ള നികുതിവിഹിതം വർദ്ധിപ്പിക്കുകയും ഒട്ടേറെ പദ്ധതികൾ കൈമാറുകയും ചെയ്ത സാഹചര്യത്തിൽ തുക കാര്യക്ഷമമായി ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്താനാണ് നീക്കം. ഓരോ പഞ്ചായത്തിനും 15 ലക്ഷം മുതൽ 1 കോടി രൂപ വരെ നൽകാനാണ് ശുപാർശ ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് പഞ്ചായത്തുകൾ സ്വന്തം പദ്ധതികൾ തയ്യാറാക്കണമെന്ന് കേന്ദ്ര പഞ്ചായത്ത് രാജ് വകുപ്പു നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടക്കുന്ന ഗ്രാമസഭ, വികസന സെമിനാറുകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, പദ്ധതിരേഖകൾ എന്നിവയെല്ലാം ഇനി മറ്റു സംസ്ഥാനങ്ങളിലേക്കു വ്യാപിപ്പിക്കും.ഓരോ സംസ്ഥാനത്തിന്റെയും പ്രാദേശികമായ പ്രത്യേകതകൾ പരിഗണിച്ചാണ് വികസനമാതൃകകൾ തയ്യാറാക്കുക. കേരളത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു നേരിട്ടാണ് ആസൂത്രണഫണ്ട് നൽകുന്നത്.കേന്ദ്ര-സംസ്ഥാനാവിഷ്കൃത- പദ്ധതിഫണ്ടുകളേയും കേന്ദ്ര-സംസ്ഥാനവിഹിതത്തേയും ആശ്രയിച്ചായണ് പല സംസ്ഥാനങ്ങളിലേയും വികസനം. ഈ തുക പലപ്പോഴും താഴെത്തട്ടിലെത്താറില്ല. മുൻകൂട്ടി തയ്യാറാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ മാത്രമായി തദ്ദേശഭരണസ്ഥാപനങ്ങൾ ചുരുങ്ങിപ്പോകുന്നു. ഇതു മറികടന്ന് താഴെത്തട്ടിൽനിന്നുള്ള ആസൂത്രണം സാദ്ധ്യമാക്കുകയാണ് ലക്ഷ്യം.



# വാർദ്ധക്യപെൻഷൻ



**പെൻഷനു അപേക്ഷിക്കാനുള്ള പ്രായപരിധി 65 ൽനിന്ന് 60 ആയി കുറച്ചിട്ടുണ്ട്. വയസ്സു തെളിയിക്കുന്നതിനു ഗവ.അസി.സർജന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. തുടർച്ചയായി മൂന്നുവർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമുള്ളവരാകണം അപേക്ഷകർ. ആരും സംരക്ഷണത്തിനില്ലാത്ത കുടുംബങ്ങളിലെ അഗതിയായ ഭാര്യയും ഭർത്താവും അർഹരാണ്. ഒറ്റയ്ക്കു ജീവിക്കുന്ന സ്ത്രീകൾ, എസ്.സി/എസ്.ടി വിഭാഗക്കാർ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, സ്വന്തം ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾ എന്നിങ്ങനെയ്ണ് മുൻഗണനാക്രമം.**

സംസ്ഥാനസർക്കാർ ഗ്രാമപഞ്ചായത്തുകൾവഴി നൽകുന്ന സാമൂഹ്യസുരക്ഷാപൻഷനുകളിലൊന്നാണ് വാർദ്ധക്യകാല പെൻഷൻ.1995 മുതൽ നൽകിവരുന്ന ഈ പെൻഷന്റെ ചട്ടങ്ങൾ ജി.ഒ(പി.)47/95/സാക്ഷേപ/13.12.95 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.ഒറ്റപ്പെടലിന്റെയും അവഗണനയുടേയും രോഗങ്ങളുടേയും വേദനയാൽ വിങ്ങുന്ന വാർദ്ധക്യകാലത്ത് ചെറിയൊരു സ്വാന്തനമാണ് ഈ പെൻഷൻ. പ്രതിമാസം 600 രൂപയാണ്1.4.2014 മുതൽ പെൻഷൻ. എൺപതു വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവർക്കു തുക 1200 രൂപയാണ്.(ജി.ഒ (ആർ.ടി)571/14/സാനിവ/10.9.14 പ്രകാരം.)

ഈ പെൻഷൻ അനുവദിക്കുന്നതിനുള്ള വാർഷികകുടുംബവരുമാനപരിധി ഒരു ലക്ഷം രൂപയാണ്.ബി.പി.എൽക്കാർക്കു മാത്രം നൽകിയിരുന്ന പെൻഷൻ, മൂന്നുലക്ഷം രൂപ വാർഷികവരുമാനമുള്ളവർക്കുകൂടി ബാധകമാക്കി വർദ്ധിപ്പിച്ചു. പിന്നീട് മൂന്നുലക്ഷം രൂപ എന്ന പരിധിയാണ് ഒരു ലക്ഷം രൂപയാക്കി കുറച്ചത്.( ജി.ഒ(എം.സ്051/14/സാ.ക്ഷേ.വ/20.6.14 പ്രകാരം വരുമാനസർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽനിന്നു വാങ്ങി ഹാജരാക്കേണ്ടതാണ്.( ജി.ഒ (എം.എസ്)8/15സാ.നീ.വ/12.2.15 പ്രകാരം. വില്ലേജ് ഓഫീസിൽനിന്ന് പെൻഷൻ അപേക്ഷകരുടെ വരുമാന വിവരം ഒന്നിച്ചു ലഭ്യമാക്കാൻ സെക്രട്ടറി നടപടി കൈകൊള്ളേണ്ടതാണ്.(കേ.പ.രാ.നിയമത്തിലെ വകുപ്പു 242 പ്രകാരവും 1996 ലെ കേ.പ.രാ (വില്ലേജ് ഓഫീസർ നിർവഹിക്കേണ്ട കാര്യങ്ങളാണവ.) ചട്ടങ്ങൾ പ്രകാരവും)

പെൻഷനു അപേക്ഷിക്കാനുള്ള പ്രായപരിധി 65 ൽ നിന്ന് 60ആയി ജി.ഒ (എം.എസ്)93/13/ സാ.നീ.വ/ 4.11.13 പ്രകാരം കുറച്ചിട്ടുണ്ട്. വയസ്സു തെളിയിക്കുന്നതിനു ഗവ.അസി. സർജന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.തുടർച്ചയായി മൂന്നുവർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമുള്ളവരാകണം അപേക്ഷകർ. ആരും സംരക്ഷണത്തിനില്ലാത്ത കുടുംബങ്ങളിലെ അഗതിയായ ഭാര്യയും ഭർത്താവും അർഹരാണ്. ഒറ്റയ്ക്കു ജീവിക്കുന്ന സ്ത്രീകൾ, എസ്.സി/എസ്.ടി വിഭാഗക്കാർ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, സ്വന്തം ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾ എന്നിങ്ങനെയാണ് മുൻഗണനാക്രമം.

യാചകർ, അഗതിമന്ദിരങ്ങളിലെ അന്തേവാസികൾ, മറ്റു സ്ഥാപനങ്ങളുടെ പെൻഷൻ വാങ്ങുന്നവർ എന്നിവർക്കു അർഹതയില്ല. അനർഹർ ആനുകൂല്യം വാങ്ങിയാൽ തെറ്റായി നൽകിയതിനു ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നോ അനുദ്യോഗസ്ഥരിൽനിന്നോ അതു ഈടാക്കാവുന്നതാണ്.

നിശ്ചിതഫോറത്തിൽ( രണ്ടുകോപ്പി) സെക്രട്ടറിക്കാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷകർക്കു കൈപ്പറ്റ് ചീട്ട് നൽകണം.ഫ്രണ്ട് ഓഫീസ്, ഗ്രാമസഭകൾ, സേവാഗ്രാം ഗ്രാമകേന്ദ്രം, അനുബന്ധസ്ഥാപനങ്ങൾ, തുടങ്ങിയവ വഴിയും അപേക്ഷ നൽകാവുന്നതാണ്. അന്വേഷണ റിപ്പോർട്ട് വി.ഇ.ഒ തയ്യാറാക്കണം. (ജി.ഒ(പി)/189/2000/തസ്വഭവ/4.7.2000 അനുസരിച്ച്) അപേക്ഷ ലഭിച്ച് പത്തു ദിവസത്തിനകം അന്വേഷിച്ച് മുപ്പുതു ദിവസത്തിനകം തീർപ്പാക്കണമെന്ന് ജി.ഒ.(പി)105/02/തസ്വഭവ/25.6.2002 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമസഭ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിററി, ഭരണസമിതി എന്നിവയുടെ അംഗീകാരം ലഭ്യമാക്കണം. അനുവദിച്ച പെൻഷൻ സംബന്ധിച്ച സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫണ്ടിനുവേണ്ടി ജില്ലാകലക്ടർക്കു നൽകി പെൻഷൻ തുക ലഭ്യമാക്കുന്നു. അപേക്ഷകളുടേയും പെൻഷൻ അർഹരായവരുടേയും വിശദാംശങ്ങൾ ബന്ധപ്പെട്ട റജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ നിരസിച്ചാൽ ആ വിവരം അപേക്ഷകരെ അറിയിക്കണം.

ബാങ്ക്/പോസ്റ്റാഫീസ്/ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴിയാണ് പെൻഷൻ വിതരണം നടത്തേണ്ടതെന്ന് ജി.ഒ(എം.എസ്)8/15/സാ.നീ.വ/12.12.15 വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷ നിരസിച്ച വിവരം ലഭിച്ചാൽ 30 ദിവസത്തിനകം ജില്ലാകലക്ടർക്കു അപ്പീൽ നൽകാവുന്നതാണ്.മരിക്കുന്ന പെൻഷനറുടെ കുടിശ്ശിക അനന്തരാവകാശിക്കു നൽകാവുന്നതാണ്.(ചട്ടം 11(3) പ്രകാരം)


തയ്യാറാക്കിയത്

കെ.വി.അനിൽകുമാർ

ജോ.ഡയറക്ടർ, ലോക്കൽഫണ്ട് ഓഡിറ്റ്

ഫോൺ–9497 023 322



കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയം കിലയിൽ സംഘടിപ്പിച്ച അഞ്ചുദിവസത്തെ റൈറ്റ്ഷോപ്പ് ശിൽപ്പശാലയിൽ
കേന്ദ്ര പഞ്ചായത്ത് രാജ് വകുപ്പു അഡീഷ്ണൽ സെക്രട്ടറി **രശ്മി ശുക്ല ശർമ്മ** സംസാരിക്കുന്നു




ശിൽപ്പശാലയിൽ പങ്കെടുത്ത 27 സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികൾ




റൈറ്റ്ഷോപ്പ് ശിൽപ്പശാലയിൽ കില ഡയറക്ടർ ഡോ.**പി.പി. ബാലൻ** സംസാരിക്കുന്നു



ഭാരതപ്പുഴസംരക്ഷണത്തിനു കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല
മുൻ തൃശ്ശൂർ ജില്ലാ കലക്ടർ **എം.എസ് ജയ** ഉദ്ഘാടനം ചെയ്യുന്നു

# ഭാരതപ്പുഴയുടെ സംരക്ഷണത്തിനു കില നേതൃത്വം നൽകുന്നു

ഭാരതപ്പുഴയുടെ സംരക്ഷണത്തിനു കില നേതൃത്വം നൽകുന്നു.കിലയുടെ നേതൃത്വത്തിൽ നടത്തിയ കണ്ണൂർ ജില്ലയിലെ കുപ്പം പുഴ മാതൃകാപദ്ധതിയുടെ രീതിയിലാണ് നിളാകർമ്മപദ്ധതി. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലാ ഭരണകൂടങ്ങളുടെ സഹകരണത്തോടെ പുഴയുടെ സമഗ്രവികസനമാണ് ലക്ഷ്യം. പുഴസംരക്ഷണത്തിനായി കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല മുൻ തൃശ്ശൂർ ജില്ലാ കലക്ടർ എം.എസ് ഉദ്ഘാടനം ചെയ്തു.

ജനപങ്കാളിത്തത്തോടെ മാത്രമേ ഭാരതപ്പുഴയുടെ സംരക്ഷണം സാദ്ധ്യമാകുവെന്നും അതിനു ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒന്നിച്ചു നിൽക്കണമെന്നും ഉദ്ഘാടനപ്രസംഗത്തിൽ കലക്ടർ പറഞ്ഞു. മണൽ വാരലും മാലിന്യനിക്ഷേപവും മൂലം പുഴ നശിച്ചുകൊണ്ടിരിക്കുന്നു. പുനരുജ്ജീവനം അത്ര എളുപ്പമല്ല.പുഴയുടെ വൃഷ്ടി പ്രദേശങ്ങളിൽ മൂന്നിൽ രണ്ടുഭാഗവും കേരളത്തിലാണ്. മൂന്നു ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പുഴയുടെ സംരക്ഷണത്തിനു കുപ്പം പുഴ സംരക്ഷണത്തിന്റെ മാതൃക പ്രചോദനം നൽകുമെന്നും കലക്ടർ പറഞ്ഞു.

പുഴസംരക്ഷണത്തിനു തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം അനിവാര്യമാണെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു. ഇതിനായി മാതൃകാ പ്രോജക്ട് തയ്യാറാക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. പുഴസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രമുഖ പരിസ്ഥിത പ്രവർത്തകൻ ഡോ.ഖലീൽ ചൊവ്വ സംസാരിച്ചു. പാലക്കാട് കലക്ടർ മേരിക്കുട്ടി ഐ.എ.എസ് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാനപ്രസിഡന്റ് പി.ടി.മാത്യു, കില അസോസിയേറ്റ് പ്രസിഡന്റ് ഡോ.പീറ്റർ എം. രാജ്, അസി.പ്രൊഫ. ഇംതിയാസ് അലി , നിളാവിചാരവേദി പ്രവർത്തകൻ കെ.വിപിൻ എന്നിവർ സംസാരിച്ചു. പുഴ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മുതിർന്ന മാധ്യമപ്രവർത്തകൻ എം.പി. സുരേന്ദ്രനും, കുപ്പം പുഴ സംരക്ഷണത്തെക്കുറിച്ച് കെ.വി. ഗോവിന്ദനും ക്ലാസ്സെടുത്തു. ഉദയഗിരി,ആലക്കോട്, ചപ്പാരപ്പടവ്, പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ കുപ്പം പുഴ സംരക്ഷണത്തിന്റെ അനുഭവങ്ങൾ പങ്കുവച്ചു. തുടർന്ന് ഗ്രൂപ്പു ചർച്ചയും പൊതുചർച്ചയുമുണ്ടായി.വൃഷ്ടിപ്രദേശമുൾപ്പെടുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ്കമ്മിററി ചെയർമാൻമാർ, സെക്രട്ടറിമാർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

ഭാരതപ്പുഴയുടെ തീരത്തെ കൈവഴികളേയും ആവാസ വ്യവസ്ഥയേയും സംരക്ഷിക്കുന്നതിനു 120 ഗ്രാമപഞ്ചായത്തുകളെ ചേർത്താണ് കില കർമ്മപദ്ധതി തയ്യാറാക്കുന്നത്. അയൽസഭകൾ, വാർഡ് വികസനസമിതി, പ്രാദേശികതല ജാഗ്രതാസമിതി, പുഴയോരഗ്രാമസഭ, കോർഗ്രൂപ്പ്, പഞ്ചായത്ത്തല ജൈവമാനേജ്മെന്റ് സമിതി, പഞ്ചായത്തിലെ പുഴ സംരക്ഷണസമിതി തുടങ്ങിയ സംഘടനാ സംവിധാനവും തുടർന്ന് ആസൂത്രണവും പദ്ധതികളും ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.



**ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കുമുള്ള അപേക്ഷകൾ ഗ്രാമകേന്ദ്രം വഴിയാണ് സമർപ്പിക്കേണ്ടത്. ലഭിക്കുന്ന അപേക്ഷകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഫെലിസിറ്റേറ്റർ പിറ്റേദിവസം തന്നെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കു കൈമാറേണ്ടതാണ്. സെക്രട്ടറി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖാന്തിരം അർഹതാപരിശോധന നടത്തി രണ്ടാഴ്ചക്കകം തിരികെ നൽകണം. സെക്രട്ടറി അതു ഫെലിസിറ്റേററർ വഴി വാർഡ് വികസനസമിതിക്കു കൈമാറും. അയൽസഭ നിർവാഹകസമിതി യോഗം ചേർന്ന് മുൻഗണനാമാർഗ്ഗനിർദ്ദേശപ്രകാരം മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നു.**

# പ്രാദേശികഭരണം ഇനി ജനങ്ങളിലേക്ക്

ഗ്രാമപഞ്ചായത്ത് വാർഡുകളിൽ അയൽസഭ രൂപീകരിക്കുന്നതിനും വാർഡുസമിതികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള 25.6.2014 സർക്കാർ ഉത്തരവ്(എം.എസ്0112/14 തസ്വഭവ) സുഗമമായി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽവന്നു.കൂടുതൽ സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കുന്നതിനു പദ്ധതിരൂപീകരണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പദ്ധതി നടത്തിപ്പിലെ പങ്കാളിത്തം എന്നീ പ്രവർത്തനങ്ങളിൽ താഴെതട്ടിൽ അയൽസഭകൾക്കും അതിനു മുകളിൽ വാർഡുവികസനസമിതികൾക്കും നല്ലൊരു പങ്കു വഹിക്കാൻ കഴിയണം. ജനപ്രതിനിധിയായ പഞ്ചായത്തുമെമ്പറുടെ പൂർണ്ണ മേൽനോട്ടത്തിലുംനിയയന്ത്രണത്തിലും ഗ്രാമസഭയുടെ അംഗീകാരത്തോടെയുമായിരിക്കണം ഇക്കാര്യങ്ങൾ നടപ്പിലാക്കേണ്ടത്.

പദ്ധതിരൂപീകരണ പ്രക്രിയ സുഗമമാക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിക്കണം.അയൽസഭകളിൽനിന്നുള്ള രണ്ടുവീതം അംഗങ്ങളുൾപ്പെടെയുള്ള വാർഡ് വികസനസമിതിയിൽനിന്നാണ് പതിമൂന്ന് വർക്കിംഗ് ഗ്രൂപ്പുകളിലേക്കും ഓരോരുത്തരെ വീതം നോമിനേററ് ചെയ്യേണ്ടത്. വാർഷികപദ്ധതി തയ്യാറാക്കുന്നതിനുമുമ്പ് മുൻവർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഒരു സംക്ഷിപ്ത വിവരം ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് അയൽസഭകളിൽ ചർച്ച ചെയ്യുന്നതിനു കൊടുക്കേണ്ടതും അവയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പ് കണക്കിലെടുക്കേണ്ടതുമാണ്. പുതിയ പദ്ധതിനിർദ്ദേശങ്ങൾ അയൽസഭകളിൽനിന്നു വാർഡുവികസനസമിതിയിലേക്കു സമർപ്പിക്കണം. അവർ അതു വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് മുൻഗണനാടിസ്ഥാനത്തിൽ അംഗീകരിച്ച് കമ്മ്യൂണിറ്റി പ്ലാനാക്കി വർക്കിംഗ് ഗ്രൂപ്പിൽ അവതരിപ്പിക്കണം.

**ഗുണഭോക്തൃ തെരഞ്ഞെടുപ്പ്**

ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കുമുള്ള അപേക്ഷകൾ ഗ്രാമകേന്ദ്രം വഴിയാണ് സമർപ്പിക്കേണ്ടത്. ലഭിക്കുന്ന അപേക്ഷകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഫെലിസിറ്റേറ്റർ പിറ്റേദിവസം തന്നെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കു കൈമാറേണ്ടതാണ്. സെക്രട്ടറി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖാന്തിരം അർഹതാപരിശോധന നടത്തി രണ്ടാഴ്ചക്കകം തിരികെ നൽകണം. സെക്രട്ടറി അതു ഫെലിസിറ്റേററർ വഴി വാർഡ് വികസനസമിതിക്കു കൈമാറും. അയൽസഭ നിർവാഹകസമിതി യോഗം ചേർന്ന് മുൻഗണനാമാർഗ്ഗനിർദ്ദേശപ്രകാരം മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നു.ഈ ലിസ്ററിനു ഗ്രാമസഭയുടെ അംഗീകരാം തേടേണ്ടതുണ്ട്. ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് മിനുട്സിൽ രേഖപ്പെടുത്തി ഭരണസമിതിക്കു സമർപ്പിക്കണം.ഗുണഭോക്തൃതെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയായാൽ അതു ഗ്രാമകേന്ദ്രത്തിൽ പരസ്യപ്പെടുത്തേണ്ടതുമാണ്.

**പദ്ധതി നടത്തിപ്പിലെ പങ്കാളിത്തം**

അന്തിമ പദ്ധതിരൂപരേഖ ഗ്രാമകേന്ദ്രത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. അംഗീകരിച്ച പ്രോജക്ട് ലിസ്റ്റ് അയൽസഭകളിൽ നൽകണം. ഓരോ അയൽസഭാപ്രദേശത്തും നടപ്പാക്കുന്ന പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട വാർഡ് മെമ്പർ വഴി വാർഡ് വികസനസമിതിയേയും അയൽസഭ നിർവാഹകസമിതിയേയും അറിയിക്കേണ്ടതാണ്.എല്ലാപദ്ധതികളുടേയും മോണിററിംഗ് ചുമതല അതതു അയൽസഭ നിർവാഹകസമിതിക്കായിരിക്കും. ടെണ്ടർ പണികൾ ഉൾപ്പെടെയുള്ള എല്ലാമരാമത്തു പണികളുടേയും മോണിറററിംഗിന്റെ ചുമതല അതതു അയൽസഭ നിർവാഹകസമിതിക്കായിരിക്കും. ഗുണഭോക്തൃസമിതികൾ നടത്തേണ്ടുന്ന മരാമത്തുപണികൾ അയൽസഭ നിർവാഹകസമിതിയാണ് ഏറ്റെടുത്തു നടത്തേണ്ടത്. മരാമത്തുപണികളുടെ എസ്റ്റിമേററും നടത്തിപ്പുരീതിയും അയൽസഭയിൽ അവതരിപ്പിക്കണം.

വാർഡ് വികസനസമിതിയും ചെയർമാൻ എന്ന നിലയിൽ വാർഡുമെമ്പറും വാർഡിന്റെ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ്. പദ്ധതിപ്രവർത്തനങ്ങൾക്കു പുറമെ ആരോഗ്യം, വിദ്യാഭ്യാസം, സാംസ്കാരിക മേഖലകളിലെ പ്രവർത്തനങ്ങളിലും മററും ഇടപെടാനും അവയുടെ ഏകോപനത്തിനും വാർഡുവികസനസമിതിക്കും ഗ്രാമകേന്ദ്രത്തിനും കഴിയണം. ഇത്തരത്തിൽ സുശക്തവും സുതാര്യവുമായ അധികാരവികേന്ദ്രീകരണമാണ് നടപ്പിലാക്കേണ്ടത്.

ഇക്കാര്യങ്ങൾ കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വംയംഭരണവകുപ്പിൽ 3.7.2015 ലെ സ.ഉ(എം.എസ്) 218/2015 നമ്പറായി മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവാക്കിയിട്ടുണ്ട്.

**വിജിയെസ് തത്തപ്പിള്ളി**
ഹെൽപ്പ് ഡെസ്ക

## ചോദിക്കൂ പറയാം

? പണിതുപോയ കെട്ടിടങ്ങളെ റെഗുലറൈസ് ചെയ്യുവാൻ ഉത്തരവുള്ളതായി അറിയുന്നു. ഉത്തരവുണ്ടോ?

● ഉണ്ട്. കേരള പഞ്ചായത്ത് കെട്ടിടം(റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾ 2014 എന്ന ഉത്തരവുണ്ട്.ഏതെല്ലാംകെട്ടിടങ്ങളെ എങ്ങനെ റെഗുലറൈസ് ചെയ്യാം അവയ്ക്ക് എത്ര ഫീസ്/പിഴ ഈടാക്കാം എന്നൊക്കെ വ്യക്തമായും വിശദമായും ഈ റൂളിൽ നൽകിയിട്ടുണ്ട്.(ജി.ഒ(എം.എസ്) നമ്പർ 150/2014/ തസ്വഭവ.തീയതി.21.08.2014 എന്ന ഉത്തരവുകാണുക)

? ബാലസഭയുടെ പ്രവർത്തനങ്ങൾക്കു പദ്ധതി തയ്യാറാക്കാൻ മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ട്. അതിനു പരിധി നിശ്ചയിച്ചിട്ടുണ്ടോ?

● കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാശിശുക്ഷേമപദ്ധതികൾക്കു വകയിരുത്തിയുട്ടുള്ള വിഹിതത്തിൽനിന്നു 35,000/- രൂപ നീക്കിവയ്ക്കുവാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്.(സ.ഉ.(സാധാ)1363/ 2015 തസ്വഭവ. തീയതി.6.5.2015)

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ബഹുവർഷപദ്ധതികൾ ഏറ്റെടുക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടണ്ടോ?

● പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കാലയളവു അവസാനിക്കുന്നതു 2017 മാർച്ചിലാണ്.ആയതിനാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ബഹുവർഷപ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ 2017 മാർച്ചൽ പൂർത്തിയാകുന്ന പദ്ധതികളേ ഏറ്റെടുക്കാവൂ(ഉത്തരവ് നമ്പർ സ.ഉ.(ആർ.ടി.)1638/ 2015 തസ്വഭവ.തീയതി.1.6.2015)

? പഞ്ചായത്തിന്റെ പൊതുമരാമത്തു പണികൾക്കു ഇ-ടെണ്ടർ വേണമെന്നു പറയുന്നു.അഞ്ചുലക്ഷത്തിലധികം വരുന്ന വാങ്ങലുകൾക്കും ഇ-ടെണ്ടർ വേണമെന്നുണ്ടോ?

● പൊതുമരാമത്തു പ്രവർത്തികൾ ടെണ്ടർ ചെയ്യുന്നതിനാണ് ഇ-ടെണ്ടർ നടപ്പിലാക്കിയിട്ടുള്ളത്. വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാൽ മതിയാകും.

? സ്വകാര്യസ്ഥാപനം മാലിന്യം റോഡിലേക്കു തള്ളുന്നു. എന്തുനടപടിയാണ് ഇവർക്കെതിരെ സ്വീകരിക്കേണ്ടത്?

● വ്യാപാരകേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻസ്റ്റാളുകൾ, മത്സ്യസ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, ഫ്ളാറ്റുകൾ,ബഹുനില കെട്ടിടങ്ങൾ, ഹോട്ടലുകൾ, കാറ്ററിംഗ് സർവീസ് സ്ഥാപനങ്ങൾ, 100 സ്ക്വയർ മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകൾ, കെട്ടിടങ്ങൾ,ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥൻ അല്ലെങ്കിൽ നടത്തിപ്പുകാരൻ, മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ ജൈവ-ജൈവേതരമായി തരംതിരിച്ച് സൂക്ഷിക്കേണ്ടതും സംസ്കരിക്കേണ്ടതിനുള്ള മതിയായ സംവിധാനം ഒരുക്കേണ്ടതുമാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ പതിനായിരം രൂപ മുതൽ അമ്പതിനായിരം രൂപവരെ പിഴയോ ആറുമാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ കാലത്തേക്കോ തടവോ രണ്ടും കൂടിയ ശിക്ഷയോ നൽകാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട 219 എ മുതൽ 219 യു വരെയുള്ള വകുപ്പുകളിൽ വന്ന ഭേദഗതികൾ നോക്കുക. (വിജ്ഞാപനം നമ്പർ 5139/ ലെഗ് .സി./ 2013/നിയമം തീയതി 23.12.2014)

? പട്ടികജാതി വിഭാഗക്കാർക്കു വിദേശത്ത് തൊഴിൽ ലഭിക്കുന്നതിനുള്ള ധനസഹായം ഇപ്പോൾ എത്രയാണ്?

## ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097

● പട്ടികജാതി വിഭാഗക്കാർക്കു വിദേശത്ത് തൊഴിൽ ലഭിക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പതിനായിരം രൂപയും ടിക്കററ് ചാർജും നൽകുന്നതിനായിരുന്നു പന്ത്രണ്ടാംപദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ചിരുന്നത്. എന്നാൽ ഈ വർഷം മുതൽ തുക വർദ്ധിപ്പിച്ച് ആകെ 50,000/- രൂപ നൽകാമെന്ന് ഉത്തരവായിട്ടുണ്ട്. (ഉത്തരവ് നമ്പർ.സ.ഉ. (ആർ.ടി.)1827/2015 തസ്വഭവ. 19.6.2015)

? വീടുകളിൽ മഴവെള്ളസംഭരണി വയ്ക്കുവാൻ സബ്സിഡി നൽകാമോ?

● ദാരിദ്ര്യരേഖയുക്കു താഴെയുള്ള കുടുംബങ്ങൾക്കു മഴവെള്ളം സംഭരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്നതിനു സിന്റക്സ് മോഡൽ ഫൈബർ ടാങ്കുകൾ( 500 ലിറ്റർ വരെ കപ്പാസിററിയുള്ളവ) വാങ്ങുന്നതിനു യൂണിറ്റ് കോസ്റ്റ് രണ്ടായിരം രൂപയിൽ കവിയാതെ 75 ശതമാനം സബ്സിഡി നൽകുന്നതിനു അനുമതി നൽകിയിട്ടുണ്ട്.(ഉത്തരവ് നമ്പർ സ.ഉ.(സാധാ) 1236/2015/തസ്വഭവ.25.4.2015)

? ജനപ്രതിനിധികൾക്കു ചികിത്സാസഹായം നൽകുന്നതിനു എന്തെങ്കിലും പദ്ധതിയുണ്ടോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കു ചികിത്സാസഹായം അനുവദിക്കുന്നതിനായി എല്ലാ ജനപ്രതിനിധികളും ചിയാക്കിന്റെ സ്കീമിൽ അംഗമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു വകുപ്പു തലവന്മാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. (സർക്കുലർ നമ്പർ ഇ.എം.2/111/2015/തസ്വഭവ. തീയതി.9.6.2015)

? പ്രവാസി ഭാരതീയർക്കു വോട്ടർ പട്ടികയിൽ പേരു ചേർക്കാമോ?

● 1950-ലെ ജനപ്രാതിനിധ്യനിയമത്തിലെ 20 എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതിചെയ്യുന്ന നിയോജകമണ്ഡലത്തിലേക്കുള്ള വോട്ടർ പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

? അടിയന്തിരയോഗത്തിന്റെ അജണ്ടയിൽ ഒന്നിൽ കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്താമോ?


● ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഉൾപ്പെടുത്തുന്ന വിഷയത്തിനു അടിയന്തിര സ്വഭാവമുണ്ടായിരിക്കണം.

? ഇസ്ലാംമതപ്രകാരമുള്ള വിവാഹങ്ങളിൽ വിവാഹമോനം നേടുന്നതിനു തെളിവായി എന്തു രേഖയാണ് സ്വീകരിക്കേണ്ടത്?

● മുഹമ്മദൻ നിയമം അനുശാസിക്കുന്ന ഏതെങ്കിലും വിധത്തിൽ ഭർത്താവ് ഭാര്യയെ മൊഴിചൊല്ലി എന്നു കാണിക്കുന്ന ജുമാത്തിൽനിന്നുള്ള കത്ത്, ഭർത്താവും ഭാര്യയും തമ്മിൽ പരസ്പര ധാരണയിലുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണെങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ്,കോടതിയിൽനിന്നുള്ള വിമോചന ഉത്തരവ് എന്നിവയിൽ ഏതെങ്കിലും ഒന്ന് തെളിവായി സ്വീകരിക്കാവുന്നതാണ്. (സർക്കാർ കത്ത് 69016/ആർ.സി.3/09/തസ്വഭവ തീയതി.1.3.2010)

? ചെയർമാന്റെ അഭാവത്തിൽ സ്റ്റാൻഡിംഗ് കമ്മിററിയോഗം വിളിച്ചുചേർക്കേണ്ടത് ആരാണ്?യോഗത്തിൽ ആരാണ് അദ്ധ്യക്ഷത വഹിക്കേണ്ടത്?

● പഞ്ചായത്ത് പ്രസിഡന്റിനു യോഗം വിളിച്ചുചേർക്കാം. എന്നാൽ ആ യോഗം തീരുമാനിക്കുന്ന ഒരാളായിരിക്കണം അദ്ധ്യക്ഷത വഹിക്കേണ്ടത്.(19.6.1999-ലെ 11156/എൽ1/99/ തസ്വഭവ നമ്പർ സർക്കുലർ)




## തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്കു
## **തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതകൾ**

- തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ ഏതെങ്കിലും നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേരുണ്ടായിരിക്കണം. നാമനിർദ്ദേശപത്രിക സമർപ്പിക്കാൻ 21 വയസ്സു പൂർത്തിയായിരിക്കണം.സംവരണസീറ്റിലൊഴികെ ഏതുസീറ്റിലേക്കും പത്രിക സമർപ്പിക്കാം. സംവരണസീറ്റിലേക്കു മത്സരിക്കുന്നതിനു ആ സംവരണവിഭാഗത്തിലെ അംഗമായിരിക്കണം.
- സർക്കാരിന്റെയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയോ സർക്കാരോ തദ്ദേശസ്വയംഭരണസ്ഥാപനമോ നിയന്ത്രിക്കുന്ന കോർപ്പറേഷനിലോ 51 ശതമാനത്തിൽ ഓഹരിയുള്ള കമ്പനി, ബോർഡ്, സർവകലാശാല, സഹകരണസ്ഥാപനം എന്നിവയിൽ ഉദ്യോഗസ്ഥർ ആയിരിക്കരുത്.
- അഴിമതിയുടെ പേരിലോ കൂറുമാറ്റ പ്രകാരമോ പിരിച്ചുവിട്ട ഉദ്യോഗസ്ഥനോ ജനപ്രതിനിധിയോ ആകരുത്.
- ഇന്ത്യൻ ശിക്ഷാനിയമത്തിലെ 9 എ അദ്ധ്യായത്തിൻ കീഴിലുള്ള ഏതെങ്കിലും കുറ്റക്കാർക്കോ ജനപ്രാതിനിധ്യനിയമത്തിലെ എട്ടാംവകുപ്പിൽ പരാമർശിച്ചിട്ടുള്ള കുററങ്ങൾക്കോ ശിക്ഷിക്കപ്പെട്ട ആൾ ആറുവർഷക്കാലത്തേക്കു മത്സരിക്കാൻ അയോഗ്യനായിരിക്കും.
- തെരഞ്ഞെടുപ്പുസംബന്ധിച്ച അഴിമതിക്കു കുററക്കാരനാണെന്നു തെളിഞ്ഞിട്ടുള്ള ആൾ മത്സരിക്കാൻ അയോഗ്യനായിരിക്കും.
- തെരഞ്ഞെടുപ്പു കണക്കുകൾ ബോധിപ്പാക്കാത്തവർ അയോഗ്യരാണ്.
- സ്ഥിരബുദ്ധിയില്ലാത്തവർ,ബധിരർ, മൂകർ എന്നിവർ അയോഗ്യരാണ്.
- തദ്ദേശസ്വയംഭരണസ്ഥാപനവുമായി ഉണ്ടാക്കിയ നിലവിലുള്ള കരാറിലോ പണിയിലോ ഏർപ്പെട്ടിട്ടുള്ള വ്യക്തിക്ക് മത്സരിക്കാൻ യോഗ്യതയുണ്ടായിരിക്കില്ല.
- സർക്കാരിലേക്കോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്കോ കോടുക്കേണ്ട ഏതെങ്കിലും തരത്തിലുള്ള തുകകളിൽ മുൻവർഷം ഉൾപ്പെടെയുള്ള കുടിശ്ശിക വരുത്തിയിട്ടുള്ളവർ അയോഗ്യരായിരിക്കും.

ഇത്തരത്തിലുള്ള അയോഗ്യതകളില്ലാത്ത ഏവർക്കും തെരഞ്ഞെടുക്കപ്പെടാനുള്ള യോഗ്യതയുണ്ടായിരിക്കും.





പെനാംഗ് വനിതാവികസന കോർപ്പറേഷൻ ഡയറക്ടർ **പ്രൊഫ.സിസിലിയ** കില ഡയറക്ടറുമായി സന്ദർശനപരിപാടിയെക്കുറിച്ച് ചർച്ച നടത്തുന്നു

## സ്ത്രീശാക്തീകരണം പഠിക്കാൻ മലേഷ്യൻസംഘം വരുന്നു

**കേ**രളത്തിലെ സ്ത്രീശാക്തീകരണത്തെക്കുറിച്ചും ജൻഡർ ബജറ്റിനെക്കുറിച്ചും പഠിക്കാൻ മലേഷ്യൻ സംഘം വരുന്നു. വനിതാ-യൂത്ത്-കുടുംബ വകുപ്പിന്റെ ചുമതലയുള്ള സഹമന്ത്രിയുടെ നേതൃത്വത്തിൽ ഇരുപതംഗസംഘം സെപ്തംബർ ആദ്യവാരത്തിൽ കിലയിലെത്തുമെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ അറിയിച്ചു. സെബറാഗ് പെരയ് നഗരസഭയുടെ പ്രസിഡന്റ്, സെക്രട്ടറി, ജൻഡർ കമ്മിറ്റിയുടെ ചുമതലയുള്ള കൗൺസിലർമാർ, വിവിധ വകുപ്പുമേധാവികൾ, പെനാംഗ് വനിതാ വികസന കോർപ്പറേഷൻ പ്രതിനിധികൾ എന്നിവർ സംഘത്തിലുണ്ടാകും. പെനാംഗ് വനിതാവികസന കോർപ്പറേഷൻ ഡയറക്ടർ പ്രൊഫ. സിസിലിയ കിലയിലെത്തി സന്ദർശനപരിപാടിയുടെ വിശദാംശങ്ങളെക്കുറിച്ച് കില ഡയറക്ടറുമായി ചർച്ച നടത്തി. കിലയുമായി തുടർ പഠന-സന്ദർശന പരിപാടിക്കു അവർക്കു താൽപര്യമുണ്ടെന്നു അറിയിച്ചതായി ഡയറക്ടർ പറഞ്ഞു.

## നിർവഹണ ഉദ്യോഗസ്ഥർക്കു പ്ലാനിംഗിൽ പരിശീലനം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ നിർവഹണ ഉദ്യോഗസ്ഥർക്കു പ്രോജക്ട് പ്ലാനിംഗിൽ പരിശീലനം നൽകുന്നു. പഞ്ചവത്സരപദ്ധതി രൂപീകരണം, നിർവഹണം തുടങ്ങിയ കാര്യങ്ങളിൽ പരിജ്ഞാനം നൽകുന്നതിനാണ പരിശീലനം. ആരോഗ്യം, കൃഷി, വിദ്യാഭ്യാസം, മൃഗസംരക്ഷണം, ക്ഷീരവികസനം തുടങ്ങിയ വിവിധ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥരാണ് പരിശീലനത്തിൽ പങ്കെടുത്തത്. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ യു.വി. ബാബുരാജ് സംസാരിച്ചു. കില ഹെൽപ്പ് ഡെസ്കിലെ വി.ജി.ശശിധരൻ, സി.രാധാകൃഷ്ണൻ, ശ്യാമള, തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ നിർവഹണ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകും.

## ഡോക്യുമെന്റേഷൻ കമ്മിറ്റി പരിശീലനം പൂർത്തിയായി

**അ**ധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കഴിഞ്ഞ ഇരുപതുവർഷം നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ ഡോക്യുമെന്റേഷൻ കമ്മിറ്റി അംഗങ്ങൾക്കുള്ള (സെക്രട്ടറി, സ്റ്റാഫ്,റിസോഴ്സ് പേഴ്സൺ) പരിശീലനം കിലയിൽ പൂർത്തിയായി. കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കോർഡിനേററർ മോളി തോമസ് ആമുഖപ്രഭാഷണം നടത്തി. എൻ.കുമാരൻ, അനിത ബാബുരാജ്(എക്സ്റ്റഷൻ ഫാക്കൽറ്റി) ബ്ലോക്ക് പഞ്ചയാത്ത് കോർഡിനേറ്റർ സിസിലി കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി. ജില്ലയിലെ ആദ്യബാച്ചിന്റെ പരിശീലനം ചാലക്കുടിയിലായിരുന്നു.



## പച്ചക്കറികൃഷിക്കു സർക്കാർ പ്രോത്സാഹനം

**ജൈ**വ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടെറസ്സിലും വീട്ടുമുററത്തും പച്ചക്കറി കൃഷിക്കു സർക്കാർ പ്രോത്സാഹനം. പദ്ധതിപ്രവർത്തനത്തിലൂടെ ഇതിനായി ഗ്രോബാഗ് നൽകാൻ ഉത്തരവായിട്ടുണ്ട്. ഗ്രോബാഗ് ഒന്നിനു യൂണിറ്റ് കോസ്ററ് 80 രൂപയാണ്. ഇതിനു 75 ശതമാനം സബ്സിഡി നൽകാം. കൃഷിവകുപ്പിൽനിന്ന് സബ്സിഡി ലഭിക്കാത്ത കർഷകർക്കു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നു സബ്സിഡി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.(സ.ഉ.(ആർ.ടി.)2015/2015 തസ്വഭവ. തീയതി.3.7.2015)



KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)